# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂലൈ 8

# വാർത്താക്കുറിപ്പ്

## എം.ജി. സിൻഡിക്കേറ്റ് ഉപസമിതികളായി

മഹാത്മാഗാന്ധി സർവകലാശാല പുതിയ സിൻഡിക്കേറ്റിന്റെ ആദ്യയോഗം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ ചേർന്നു. സിൻഡിക്കേറ്റിലെ വിവിധ ഉപസമിതി കൺവീനർമാരെ തെരഞ്ഞെടുത്തു. അഡ്വ. പി. ഷാനവാസ് (സ്റ്റാഫ് കമ്മിറ്റി), പ്രൊഫ. പി. ഹരികൃഷ്ണൻ (അഫിലിയേഷൻ-അപ്രൂവൽ കമ്മിറ്റി), ഡോ. ബി. കേരളവർമ്മ (പരീക്ഷ കമ്മിറ്റി), ഡോ. നന്ദകുമാർ കളരിക്കൽ (ബിസിനസ് കമ്മിറ്റി), അഡ്വ. എം. അനിൽകുമാർ (ഫിനാൻസ് കമ്മിറ്റി), ഡോ. എസ്. സുജാത (റിസർച്ച് ആന്റ് ഡെവലപ്മെന്റ് കമ്മിറ്റി), ഡോ. ബിജു തോമസ് (ലീഗൽ കമ്മിറ്റി), ഡോ. എസ്. ഷാജില ബീവി (വിദ്യാർഥികളുടെ ക്ഷേമം, അച്ചടക്കം, പരാതി കമ്മിറ്റി), ഡോ. എ. ജോസ് (ആസൂത്രണ - വികസന കമ്മിറ്റി) ഡോ. കെ.എം. സുധാകരൻ (അക്കാദമിക് അഫയേഴ്സ് കമ്മിറ്റി) എന്നിവരാണ് ഉപസമിതി കൺവീനർമാർ. കൊവിഡ് 19 മൂലം പരീക്ഷയെഴുതാൻ കഴിയാത്ത വിദ്യാർഥികൾക്ക് അവസരമൊരുക്കാനും പ്രാക്ടിക്കൽ പരീക്ഷകളുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കാൻ പരീക്ഷസമിതിയെ യോഗം ചുമതലപ്പെടുത്തി.

(പി.ആർ.ഒ/39/704/2020)

## അപേക്ഷ തീയതി നീട്ടി

അഞ്ച്, ആറ് സെമസ്റ്റർ ബി.എ./ബി.കോം. (സി.ബി.സി.എസ്.എസ്. - 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾക്ക് 1050 രൂപ സൂപ്പർഫൈനോടെ ജൂലൈ 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/705/2020)

## പരീക്ഷഫലം

2019 ഡിസംബറിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്/പഞ്ചവത്സരം - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 22 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/706/2020)

2019 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എഡ്. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 21 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/707/2020)

## എം.ഫിൽ സ്പോട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ എം.ഫിൽ എജ്യൂക്കേഷൻ (2019-20) പ്രോഗ്രാമിലെ സീറ്റൊഴിവിലേക്ക് ജൂലൈ 14ന് രാവിലെ ഒൻപതിന് സ്പോട് അഡ്മിഷൻ നടത്തുന്നു. ജനറൽ - രണ്ട്, മുസ്ലീം - ഒന്ന്, ഈഴവ - ഒന്ന്, എസ്.ടി. - രണ്ട്, ഇ.ബി.എഫ്.സി. - ഒന്ന് എന്നിങ്ങനെയാണ് സീറ്റൊഴിവ്. യോഗ്യത: 55 ശതമാനം മാർക്കോടെ എം.എഡ്. ജയം. യോഗ്യരായവർ ജാതി, വരുമാനം, യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസലും പകർപ്പുകളും സഹിതം വകുപ്പുമേധാവിയുടെ ഓഫീസിൽ ഹാജരാകണം. രജിസ്ട്രേഷൻ ഫീസായി എസ്.ടി. വിഭാഗക്കാർ 400 രൂപയും മറ്റ് വിഭാഗക്കാർ 800 രൂപയും സർവകലാശാല വെബ്സൈറ്റ് വഴി ഇ-പേയ്മെന്റ് നടത്തി രസീത് ഹാജരാക്കണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2731042.

(പി.ആർ.ഒ/39/708/2020)

# സെനറ്റ് തെരഞ്ഞെടുപ്പ്; വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിലേക്കും സ്റ്റുഡന്റ്സ് കൗൺസിലിലേക്കും ഓഗസ്റ്റ് 18ന് നടക്കുന്ന തെരഞ്ഞെടുപ്പിന്റെ പ്രാഥമിക വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/709/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2020 ജൂലൈ 8

# വാർത്താക്കുറിപ്പ്

## എം.ജി. സിൻഡിക്കേറ്റ് ഉപസമിതികളായി

മഹാത്മാഗാന്ധി സർവകലാശാല പുതിയ സിൻഡിക്കേറ്റിന്റെ ആദ്യയോഗം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ ചേർന്നു. സിൻഡിക്കേറ്റിലെ വിവിധ ഉപസമിതി കൺവീനർമാരെ തെരഞ്ഞെടുത്തു. അഡ്വ. പി. ഷാനവാസ് (സ്റ്റാഫ് കമ്മിറ്റി), പ്രൊഫ. പി. ഹരികൃഷ്ണൻ (അഫിലിയേഷൻ-അപ്രൂവൽ കമ്മിറ്റി), ഡോ. ബി. കേരളവർമ്മ (പരീക്ഷ കമ്മിറ്റി), ഡോ. നന്ദകുമാർ കളരിക്കൽ (ബിസിനസ് കമ്മിറ്റി), അഡ്വ. എം. അനിൽകുമാർ (ഫിനാൻസ് കമ്മിറ്റി), ഡോ. എസ്. സുജാത (റിസർച്ച് ആന്റ് ഡെവലപ്മെന്റ് കമ്മിറ്റി), ഡോ. ബിജു തോമസ് (ലീഗൽ കമ്മിറ്റി), ഡോ. എസ്. ഷാജില ബീവി (വിദ്യാർഥികളുടെ ക്ഷേമം, അച്ചടക്കം, പരാതി കമ്മിറ്റി), ഡോ. എ. ജോസ് (ആസൂത്രണ - വികസന കമ്മിറ്റി) ഡോ. കെ.എം. സുധാകരൻ (അക്കാദമിക് അഫയേഴ്സ് കമ്മിറ്റി) എന്നിവരാണ് ഉപസമിതി കൺവീനർമാർ. കൊവിഡ് 19 മൂലം പരീക്ഷയെഴുതാൻ കഴിയാത്ത വിദ്യാർഥികൾക്ക് അവസരമൊരുക്കാനും പ്രാക്ടിക്കൽ പരീക്ഷകളുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കാൻ പരീക്ഷസമിതിയെ യോഗം ചുമതലപ്പെടുത്തി.

(പി.ആർ.ഒ/39/704/2020)

## അപേക്ഷ തീയതി നീട്ടി

അഞ്ച്, ആറ് സെമസ്റ്റർ ബി.എ./ബി.കോം. (സി.ബി.സി.എസ്.എസ്. - 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾക്ക് 1050 രൂപ സൂപ്പർഫൈനോടെ ജൂലൈ 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/705/2020)

## പരീക്ഷഫലം

2019 ഡിസംബറിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്/പഞ്ചവത്സരം - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 22 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/706/2020)

2019 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എഡ്. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 21 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/707/2020)

## എം.ഫിൽ സ്പോട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ എം.ഫിൽ എജ്യൂക്കേഷൻ (2019-20) പ്രോഗ്രാമിലെ സീറ്റൊഴിവിലേക്ക് ജൂലൈ 14ന് രാവിലെ ഒൻപതിന് സ്പോട് അഡ്മിഷൻ നടത്തുന്നു. ജനറൽ - രണ്ട്, മുസ്ലീം - ഒന്ന്, ഈഴവ - ഒന്ന്, എസ്.ടി. - രണ്ട്, ഇ.ബി.എഫ്.സി. - ഒന്ന് എന്നിങ്ങനെയാണ് സീറ്റൊഴിവ്. യോഗ്യത: 55 ശതമാനം മാർക്കോടെ എം.എഡ്. ജയം. യോഗ്യരായവർ ജാതി, വരുമാനം, യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസലും പകർപ്പുകളും സഹിതം വകുപ്പുമേധാവിയുടെ ഓഫീസിൽ ഹാജരാകണം. രജിസ്ട്രേഷൻ ഫീസായി എസ്.ടി. വിഭാഗക്കാർ 400 രൂപയും മറ്റ് വിഭാഗക്കാർ 800 രൂപയും സർവകലാശാല വെബ്സൈറ്റ് വഴി ഇ-പേയ്മെന്റ് നടത്തി രസീത് ഹാജരാക്കണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2731042.

(പി.ആർ.ഒ/39/708/2020)

# സെനറ്റ് തെരഞ്ഞെടുപ്പ്; വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിലേക്കും സ്റ്റുഡന്റ്സ് കൗൺസിലിലേക്കും ഓഗസ്റ്റ് 18ന് നടക്കുന്ന തെരഞ്ഞെടുപ്പിന്റെ പ്രാഥമിക വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/709/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ